**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 52** **13-10-2026-ൽ മറുപടിയ്ക്ക്**

**ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. എം. വിജിൻ

ശ്രീ. എൻ. കെ. അക്ബർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** 2011-2016 കാലയളവിലെ സർക്കാരിന്റെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദ് ചെയ്യപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് 2011-12 മുതൽ വൈദ്യുതി ആവശ്യകതയിൽ വലിയ വർധനവും ഊർജ്ജ ലഭ്യതയിൽ ഗണ്യമായ കുറവും അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിലാണ് ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ആരംഭിച്ചത്. 2014-ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച DBFOO മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 25 വർഷത്തേക്ക് വൈദ്യുതി വാങ്ങുന്നതിനായി രണ്ട് മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചു. പ്രസ്തുത ടെണ്ടറുകളിൽ നിന്നും 7 കരാറുകളിലായി 865 MW വൈദ്യുതി വാങ്ങാൻ തീരുമാനം എടുത്തു. പ്രസ്തുത 865 മെഗാവാട്ടിൽ ആകെ 465 മെഗാവാട്ട് വൈദ്യുതി കരാറുകൾക്കു അന്തിമ അംഗീകാരം നൽകണമെന്ന കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഹർജി, 10.05.2023-ലെ ഉത്തരവ് പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരസിച്ചു. പ്രധാനമായും നിർദിഷ്ട MoP ടെൻഡർ നടപടിക്രമങ്ങളിൽ നിന്നുള്ള വ്യതിയാനം ഉന്നയിച്ചാണ് 10.05.2023-ലെ ഉത്തരവ് പ്രകാരം കരാറുകൾ റദ്ദാക്കിയത് . 465 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകൾ (2039 വരെ) മതിയായ കാരണങ്ങൾ ഇല്ലാതെയാണ് റദ്ദാക്കിയത് എന്ന് കാണുന്നു. 10-5-2023-ലെ കമ്മീഷന്റെ ഉത്തരവ് റദ്ദാക്കുന്നതിന് 10-10-2023-ൽ മാത്രമാണ് വൈദ്യുതി നിയമത്തിലെ 108-ാം വകുപ്പ് പ്രകാരമുള്ള നിർദേശം സംസ്ഥാന സർക്കാർ കമ്മീഷന് നൽകിയത് . ആയത് പ്രകാരം കമ്മീഷൻ ഉത്തരവ് പുനഃപരിശോധിച്ച് ഭേദഗതി വരുത്തി എങ്കിലും കരാറിലേർപ്പെട്ടിരുന്ന കമ്പനികൾ അപ്പല്ലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റിയെ സമീപിക്കുകയായിരുന്നു.

**(ബി)** പ്രസ്തുത കരാർ എന്തടിസ്ഥാനത്തിലാണ് റദ്ദ് ചെയ്യപ്പെട്ടത്; റദ്ദ് ചെയ്യപ്പെടുന്നതിന് അനുകൂലമായി ഏതെങ്കിലും റിപ്പോർട്ടുകൾ സർക്കാരോ കെ.എസ്.ഇ.ബി.യോ മറ്റു ഏതെങ്കിലും ഏജൻസിയോ റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് 2011-12 മുതൽ വൈദ്യുതി ആവശ്യകതയിൽ വലിയ വർധനവും ഊർജ്ജ ലഭ്യതയിൽ ഗണ്യമായ കുറവും അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിലാണ് ദീർഘകാലാടിസ്ഥാനത്തിൽ

വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ആരംഭിച്ചത്. 2014-ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച DBFOO മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 25 വർഷത്തേക്ക് വൈദ്യുതി വാങ്ങുന്നതിനായി രണ്ട് മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചു. പ്രസ്തുത ടെണ്ടറുകളിൽ നിന്നും 7 കരാറുകളിലായി 865 MW വൈദ്യുതി വാങ്ങാൻ തീരുമാനം എടുത്തു. പ്രസ്തുത 865 മെഗാവാട്ടിൽ ആകെ 465 മെഗാവാട്ട് വൈദ്യുതി കരാറുകൾക്കു അന്തിമ അംഗീകാരം നൽകണമെന്ന കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഹർജി, 10.05.2023-ലെ ഉത്തരവ് പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരസിച്ചു. പ്രധാനമായും നിർദിഷ്ട MoP ടെൻഡർ നടപടിക്രമങ്ങളിൽ നിന്നുള്ള വ്യതിയാനം ഉന്നയിച്ചാണ് 10.05.2023-ലെ ഉത്തരവ് പ്രകാരം കരാറുകൾ റദ്ദാക്കിയത് . 465 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകൾ (2039 വരെ) മതിയായ കാരണങ്ങൾ ഇല്ലാതെയാണ് റദ്ദാക്കിയത് എന്ന് കാണുന്നു. 10-5-2023-ലെ കമ്മീഷന്റെ ഉത്തരവ് റദ്ദാക്കുന്നതിന് 10-10-2023-ൽ മാത്രമാണ് വൈദ്യുതി നിയമത്തിലെ 108-ാം വകുപ്പ് പ്രകാരമുള്ള നിർദേശം സംസ്ഥാന സർക്കാർ കമ്മീഷന് നൽകിയത്. ആയത് പ്രകാരം കമ്മീഷൻ ഉത്തരവ് പുനഃപരിശോധിച്ച് ഭേദഗതി വരുത്തി എങ്കിലും കരാറിലേർപ്പെട്ടിരുന്ന കമ്പനികൾ അപ്പല്ലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റിയെ സമീപിക്കുകയായിരുന്നു.

**(സി)** കരാർ റദ്ദ് ചെയ്തതിനെതിരെ മുൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; വിശദീകരിക്കാമോ;

**<u>മറുപടി:</u>** കമ്മീഷന്റെ 10-05-2023-ലെ ഉത്തരവിനെത്തുടർന്ന് സർക്കാർ 10-10-2023-നു മാത്രമാണ് Electricity Act, 2003-ലെ Section 108 പ്രകാരം KSERC-യ്ക്ക് കരാർ പുനഃസ്ഥാപിക്കാൻ നിർദ്ദേശം നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ KSERC 29.12.2023-ലെ ഉത്തരവിലൂടെ കരാറുകൾ പുനഃസ്ഥാപിച്ചെങ്കിലും, ഉൽപ്പാദകർ വൈദ്യുതി വിതരണം പുനരാരംഭിച്ചില്ല. തുടർന്ന് ബോർഡ് ബഹു: ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ (APTEL)-നെ സമീപിച്ചെങ്കിലും വിധി കരാറിലേർപ്പെട്ട കമ്പനികൾക്ക് അനുകൂലമായി. ഇതിനെ തുടർന്ന് കെ.എസ്.ഇ.ബി ലിമിറ്റഡും, കേരള സർക്കാരും ബഹു. സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്.

**(ഡി)** പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** 465 MW ദീർഘകാല കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡ്-ന്റെ ഹർജി നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാരും കെ.എസ്.ഇ.ബി ലിമിറ്റഡും ചേർന്ന് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കുന്നതിന് ഹർജി ഫയൽ ചെയ്യുകയും ആയത് ബഹു. സുപ്രീം കോടതി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**(ഇ)** പ്രസ്തുത കരാർ റദ്ദു ചെയ്തതിനെതിരെ നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

**<u>മറുപടി:</u>** 465 MW ദീർഘകാല കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡ്-ന്റെ ഹർജി നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാരും കെ.എസ്.ഇ.ബി ലിമിറ്റഡും ചേർന്ന് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കുന്നതിന് ഹർജി ഫയൽ ചെയ്യുകയും ആയത് ബഹു. സുപ്രീം കോടതി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**